# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 15/2395/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 15/2395/2022 തീയ്യതി: 09/12/2022

## മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2021 മുതൽ 20-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ദിനേശൻ എം., ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുസ്സലാം പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ., ഓഡിറ്റർ

ശ്രീമതി. ഹുസ്ന വി.സി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അബ്ദുൾകലാം മാസ്റ്റർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷൈലജ എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ജോളി ജോൺ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ സുരേഷ് ബാബു ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ വിഷ്ണു ചന്ദ്രൻ | വി.ഇ.ഒ | 01-04-2021 | 30-08-2021 |
| ശ്രീ സുഗതൻ എവി | വി.ഇ.ഒ | 31-08-2021 | 31-03-2022 |
| ഡോ അനഘ എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അമർനാഥ് | മെഡിക്കൽ ഓഫീസർ (സി എച് സി) | 01-04-2021 | 31-03-2022 |
| ഡോ. സുസ്മിജ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)) | 01-04-2021 | 31-03-2022 |
| ശ്രീമതി വിദ്യാ ബാലു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അജിത യു | ഹെഡ് മിസ്റ്റസ് | 01-04-2021 | 31-03-2022 |
| ശ്രീമതി റീബ തങ്കച്ചൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ശിവപ്രസാദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ഷാജി പി | കൃഷി ഓഫീസർ | 01-04-2021 | 03-11-2021 |
| ശ്രീ ജേക്കബ് ജോർജ് | കൃഷി ഓഫീസർ | 04-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷൻ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-12 |
| 13 | തൊഴിൽ നികുതി അടവാക്കിയില്ല | 1-13 |
| 14 | അധിക നിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല. | 1-14 |
| 15 | അനധികൃത നിർമ്മാണങ്ങൾക്ക് നികുതി ചുമത്തിയില്ല. | 1-15 |
| 16 | സുഖായുസ് പാലിയേറ്റീവ് പരിചരണവും വൃദ്ധജന ക്ഷേമപ്രവർത്തനങ്ങളും- കാട്ടേഷൻ നടപടികൾ പാലിച്ചില്ല | 1-16 |
| 17 | വനിതകൾക്ക് പശു വളർത്തൽ പദ്ധതി-അധിക തുക നൽകി | 1-17 |
| 18 | വിവിധ നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-18 |
| 19 | ലൈഫ് ഭവന നിർമ്മാണം - ഗുണഭോക്താവിന് അധിക തുക അനുവദിച്ചു | 1-19 |
| 20 | മുൻകൂർ തുക നൽകി - പ്രിന്റർ ലഭ്യമായില്ല | 1-20 |
| 21 | ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-21 |
| 22 | മരുന്ന് ലഭ്യമായിട്ടില്ല. | 1-22 |
| 23 | രോഗ പ്രതിരോധ പ്രവർത്തനങ്ങൾ- കാട്ടേഷൻ നടപടികൾ പാലിച്ചില്ല. | 1-23 |
| 24 | പൊട്ടിച്ചെടുത്ത പാറ ലേലം ചെയ്ത് വില്പന നടത്തുകയോ പുനരുപയോഗിക്കുകയോ ചെയ്തിട്ടില്ല. | 1-24 |
| 25 | കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചത് കാരണം നഷ്ടമുണ്ടായി. | 1-25 |
| 26 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-26 |
| | ഭാഗം **2** | |
| 1 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 2-1 |
| | ഭാഗം **3** | |
| 1 | ലൈഫ് ഭവന നിർമ്മാണം - ഗുണഭോക്താവിന് അധിക തുക അനുവദിച്ചു | 3-1 |
| 2 | കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചത് കാരണം 11123 രൂപ നഷ്ടമുണ്ടായി. | 3- 2 |

| | | |
|---|---|---|
| ഭാഗം **4** | | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 18.2.2021 ലെ തീരുമാനം (1) | 25.3.2022ലെ 2(1) തീരുമാനം |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 27.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26780032 |
| വരവ് | 98651715 |
| ആകെ | 125431747 |
| ചെലവ് | 99191397 |
| നീക്കിയിരിപ്പ് | 26240350 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19469891 | 19469891 | 19333326 | 136565 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6441360 | 6441360 | 6428762 | 12598 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Untied) | 0 | 3931000 | 3931000 | 3965141 | -34141 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 10881715 | 10881715 | 5110397 | 5771318 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9543236 | 9543236 | 6364974 | 3178262 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5982054 | 5982054 | 4576563 | 1405491 |
| ബി ഫണ്ട് | 0 | 59947400 | 59947400 | 59947400 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 130744204 | 144 | 74927998 | 34 | 4 | 79.12% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8628 | 752197 | 760825 | 758685 | 2140 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16720689 | 16720689 | 16720689 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2850600 | 180 |
| വിധവാപെൻഷൻ | 17586800 | 1160 |
| വാർദ്ധക്യകാലപെൻഷൻ | 30844400 | 2156 |
| വികലാംഗപെൻഷൻ | 7961600 | 522 |
| വിവാഹ ധനസഹായം | 360000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 344000 | 22 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2022 ന് 11.50 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1581/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സബ്സിഡയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) ആയത് പാലിക്കുന്നില്ല.
3. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിന് മാത്രമാണ്. നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.
4. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, 120 മുതൽ 162 വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്. ആർട്ടിക്കൾ 150 പ്രകാരം I) അസംസ്കൃത വസ്തുകൾക്കും, വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii) ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പർചെയ്സ് ചെയ്ത ഉപകരണങ്ങളുടെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ആയതും പാലിക്കപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.05.2022 | 04/2022 | 10.05.2022 |
| എ.ജി ഓഡിറ്റ് | 09-03-20218 മുതൽ 21-03-2018 വരെ | 2012- 13 മുതൽ 2016-17 വരെ | 02-07-2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)വസ്തു നികുതി- വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം |

| | | | | | | |
|---|---|---|---|---|---|---|
| തൻവർഷം | 6273221 | 6273221 | 6243050 | 6220946 | 7 | 0 |
| കുടിശ്ശിക | 340417 | 304834 | 339680 | 340417 | 1254 | 0 |

2) ആസ്തി രജിസ്റ്റർ ആസ്തികളുടെ വില ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)ACR/AFS, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചുവടെ ചേർത്ത ഫണ്ടുകളിലെ- ചെലവ് , നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം |
| വികസന ഫണ്ട്- ജനറൽ | 21112000 | 19333326 | -1642109 | 136565 |
| വികസന ഫണ്ട്- സി എഫ് സി/tied | 5010397 | 5110397 | 5871318 | 5771318 |
| വികസന ഫണ്ട്- എസ് സി പി | 6786000 | 6428762 | -344640 | 12598 |

4) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള (ബ്ലോക്ക് പഞ്ചായത്ത്) വിഹിതത്തിൽ 1436500/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B17 പ്രകാരം മേൽ ഉദ്ദേശത്തിനായുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 1472390 /- രൂപയാണ്.

5) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ആയവക്ക് എ സി ആർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

6) 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ-ചട്ടം 62 E, F എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

7) B4 ൽ Beneficiary Contribution ഇനത്തിൽ 236446/- രൂപ അവശേഷിക്കുന്നുണ്ട്. ആയത് ഏത് നിർവ്വഹണോദ്യോഗസ്ഥന്റെ പ്രൊജക്റ്റ് പ്രകാരമുള്ളതാണെന്ന് വ്യക്തമല്ല. ഈ തുക വിനിയോഗിക്കാതെ/തിരികെ നൽകാതെ അക്കൌണ്ടിൽ സൂക്ഷിച്ചതിന് കാരണം വ്യക്തമല്ല.

8)ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ജലനിധി ഇനത്തിൽ 1519490 രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ B17ൽ മേൽ ആവശ്യത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ 127593 രൂയാണ് നീക്കിയിരിപ്പ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/28.09.22) ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1 ലെ അപാകത സഞ്ചയ അപ്ഡേഷൻ നടത്തിയപ്പോൾ ഉണ്ടായതാണെന്നും പരിഹരിക്കുന്നതിന് ഐ കെ എമ്മിന് കത്ത് നൽകിയിട്ടുള്ളതായി മറുപടി സമർപ്പിച്ചിട്ടുണ്ട്. ക്രമ നം. 3 ലെ വികസന ഫണ്ട് ജനറൽ, എസ് സി പി എന്നിവയിൽ ജി ഒ പ്രൊജക്റ്റുകളായി പദ്ധതിയിൽ ഉൾപ്പെടുത്തിയ തുകകൾ സോഴ്സ് ഡിഡക്ഷൻ ആയതിനാൽ എ സി ആറിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.
ക്രമ നം. 4 ഗുണഭോക്താക്കളുടെ അക്കൗണ്ട് കറക്ഷൻ കാരണം സംയുക്ത പദ്ധതികളുടെ അക്കൗണ്ടിലേക്ക് തിരിച്ചുവന്ന തുകയും കൂടി ഉൾപ്പെട്ടതാണ് 1472390 /- രൂപ എന്നും ക്രമ നം. 8 ന് ജലനിധിയുടെ പഴയ അക്കൗണ്ടിലെ തുകയും ഈ ഷെഡ്യൂളിലെ ജലനിധിയുടെ പുതിയ അക്കൗണ്ടിലെ തുകയും ചേർന്നതാണ് 1519490 രൂപ എന്ന മറുപടി ലഭ്യമാക്കി.
അപാകതകൾ പരിഹരിക്കേണ്ടതും അവശേഷിക്കുന്ന പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-12 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീ. ഫിറോസ് കെ , എന്നവർക്ക് സൂപ്പർമാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ | ലൈസൻസ് നം | ലൈസൻസ് | സ്ഥാപനത്തിന്റെ | വാർഡ്/കെട്ടിട | കെട്ടിട ഉടമ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നം | | അനുവദിച്ചതിന്റെ പ്രവർത്തനം | പേര് | നമ്പർ , തരം | |
| 2 | A4-3794/2021/21-22-179 Dtd.05.08.2021 | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | FMS Mart പറമ്പിൽ പീടിക | 3/192 A,B,C,D വാണിജ്യ കെട്ടിടം | ശ്രീ. അബ്ദുൾ സലീം ആത്രപ്പിൽ മുതൽപേർ |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

3/192 A,B,C,D എന്നീ കെട്ടിട നമ്പറുകളിലായി ആകെ 272.69 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന്, 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ-വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 30 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് ക്രമ നം 2 ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 70 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു ലൈസൻസ് അനുവദിക്കേണ്ടിയിരിക്കുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 272.69x(70-30)=10908+20% വഴി വർദ്ധന=13090/- രൂപ നികുതി കുറവും സംഭവിക്കുന്നുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ വേണ്ടത്ര പരിശോധന നടത്താത്തതാണ് ഇത്തരം അപാകതക്ക് കാരണം.
അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/26.09.2022 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിലും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തിയതായോ ടിയാൻ തൊഴിൽ നികുതി അടവാക്കിയതായോ കണ്ടില്ല.

| ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം | കുറിപ്പ് |
|---|---|---|
| അബ്ദുൽ അസീസ്, കേരളാ ഗ്രാമീണ ബാങ്ക് | 1 & 2 | പ്രസ്തുത സ്ഥാപനത്തിന്റെ ഒന്നാം അർദ്ധവർഷ റിട്ടേണിന്റെ കൂടെ സമർപ്പിച്ച സ്റ്റേറ്റുമെന്റിൽ ടിയാൾ 30.11.2021 ന് വിരമിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ ഈ ജീവനക്കാരന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവാക്കിയതിന്റെ വിവരം ഇല്ല. |

2. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ ജോലിക്കാരുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയ ചുവടെ പറഞ്ഞ സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ഡിമാന്റ് ചെയ്തതായോ സ്ഥാപനം ആയവ സമർപ്പിച്ച വരുമാനത്തിനനുസരിച്ചിട്ടുള്ള തൊഴിൽ നികുതി അടവാക്കിയതായോ കണ്ടില്ല.

| ക്രമ നം | ലൈസൻസ് നമ്പർ സ്ഥാപനം | ലൈസൻസ് നമ്പർ | ലൈസൻസ് അപേക്ഷ പ്രകാരം ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 5 | Indo Malabar Furniture Industries കുമണ്ണ | A4 3306/21-22-170 | 8-12 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 3/26.09.22)ന് മേൽ പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തൊഴിൽ

നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

## 1-14 അധിക നിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 6ാം വാർഡിൽ ശ്രീ. ഹനീഫ തൊണ്ടിക്കോടൻ എന്ന വ്യക്തിയുടെ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2019 കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 92 പ്രകാരം അനുവദിച്ച പെർമിറ്റിൽ നിന്നുമുള്ള വ്യതിയാനങ്ങളുടെയോ അധിക നിർമ്മാണത്തിന്റെയോ കാര്യത്തിൽ അത്തരത്തിൽ വ്യതിയാനമോ കൂട്ടിച്ചേർക്കലോ നടത്തിയ വിസ്തീർണ്ണത്തിന് രാജിയാക്കൽ ഫീസ് ഈടാക്കി അധിക നിർമ്മാണം ക്രമവൽക്കരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വ്യക്തിയുടെ കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | A1-397/2020 Dt 26.11.2020 |
| സർവ്വേ നമ്പർ | BL-9 281/33-1,2 |
| ഉപയോഗ ക്രമം | വാണിജ്യം & A1 Residency |
| പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | 1289.14 $M^2$ |
| കംപ്ലീഷൻ പ്ലാൻ, ഫയർ NOC(13.10.2021) എന്നിവ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | 1304.66 $M^2$ (1111.79$m^2$ വാണിജ്യം +192.87$m^2$ A1) |
| അനുവദിച്ച കെട്ടിട നമ്പർ | 6/260 A മുതൽ P വരെ |
| പെർമിറ്റിൽ നിന്നും അധികം വന്ന വിസ്തീർണ്ണം | 15.52 $M^2$ |

നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന്റെ വിസ്തീർണ്ണം 1304.66$m^2$ ആണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനുവദിച്ച വിസ്തീർണ്ണത്തിൽ നിന്നും അധികരിക്കാത്ത വിസ്തീർണ്ണത്തിലാണ് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചത് എന്നാണ് സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന് വിരുദ്ധമായി ഇപ്രകാരം റിപ്പോർട്ട് ചെയ്തതിന് കാരണം വിശദീകരിക്കുന്നതിനും ആയതിന് ആധാരമാക്കിയ രേഖകൾ ഹാജരാക്കുന്നതിനും നിർമ്മാണം ക്രമവൽക്കരിച്ച് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/30.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അല്ലാത്ത പക്ഷം ചട്ടപ്രകാരം നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2. നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച പൂർത്തീകരണ പ്ലാനുകളിൽ പാർക്കിംഗ് പ്ലാൻ ഇല്ല. ആയതിനാൽ തന്നെ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയതിൽ പെർമിറ്റിൽ നിന്നും മാറ്റം വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
അധിക നിർമ്മാണം ക്രമവൽക്കരിച്ച് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതും പാർക്കിംഗ് പ്ലാൻ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 അനധികൃത നിർമ്മാണങ്ങൾക്ക് നികുതി ചുമത്തിയില്ല.

2021-22 സാമ്പത്തിക വർഷത്തെ വസ്തു നികുതി, ലൈസൻസ് പരിശോധനയുടെ ഭാഗമായി ചുവടെ ചേർത്ത കെട്ടിട/ലൈസൻസ് നമ്പർ അനുവദിച്ച സൈറ്റുകളിൽ 30.09.2022ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധന നടത്തുകയുണ്ടായി. പരിശോധന നടത്തിയ രണ്ട് സൈറ്റുകളിലും കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കപ്പെട്ടതിന് ശേഷം അനധികൃത നിർമ്മാണങ്ങൾ നടത്തിയതായി ബോധ്യപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നമ്പർ: 17/221F

ശ്രീ. സുലൈമാൻ ഇരുമ്പൻ, ഇരുമ്പർ ഹൗസ്, പറമ്പിൽപീടിക എന്നവർക്ക് പെരുവള്ളൂർ വില്ലേജിൽ BL08-RS-169/20നമ്പർ ഭൂമിയിൽ 38.48ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടം A1/BA(88551)/2022/10.03.2022 നമ്പർ പ്രകാരം ക്രമവൽക്കരിച്ച് 17/221F നമ്പർ നൽകിയിരുന്നു.

മേൽ സ്ഥലം പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ വശങ്ങളിലേക്ക്, ഒരു വശത്ത് അതിരിലൂടെയും മറുവശത്ത് അതിരിനോട് ചേർന്ന് 72 Cm അകലത്തിലും പിന്നാമ്പുറത്തേക്കുമായി അനധികൃതമായി നിർമ്മിച്ച് ആകെ 780.48ച.മീ വിസ്തീർണ്ണത്തിൽ സ്റ്റീൽ ഷീറ്റ് മേൽക്കൂരയിട്ട് അനധികൃത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റോഡിൽ നിന്നുള്ള സ്ഥലത്തിന്റെ അതിര് വ്യക്തമല്ലാത്തതിനാൽ മുൻവശത്തെ ഉറസായ സ്ഥലം എത്രയെന്നത് കൃത്യമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയാണ് അതിരിനോട് ചേർന്ന് വരെ നിർമ്മാണം നടത്തിയിരിക്കുന്നത്.

2) ലൈസൻസ് നമ്പർ 241, കെട്ടിട നമ്പർ 5/364A, B.

ശ്രീ. അബ്ദുൽ ജലീൽ ചോലയിൽ, ചോലയിൽ വീട്, പറമ്പിൽ പീടിക എന്നവർക്ക് പെരുവള്ളൂർ വില്ലേജിൽ BL09-RS-261/18നമ്പർ ഭൂമിയിൽ 728.44+828.66ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യ-സൂപ്പർമാർക്കറ്റ് കെട്ടിടം A3/BA(6589)/2020/30.10.2019 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ച് 5/364A, B എന്നീ നമ്പറുകൾ നൽകിയിരുന്നു. ഇതിൽ 5/364A നമ്പർ കെട്ടിടത്തിൽ യാറ ഹൈപ്പർ എന്ന സ്ഥാപനത്തിന് 241 നമ്പർ ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സ്ഥലം പരിശോധിച്ചതിൽ, ടി കെട്ടിടത്തിന്റെ മെസാനിൻ നില , 27.43x5=137.15 എന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയതിൽ നിന്നും അധികരിച്ച് 24.63x15=369.45 ച.മീ. വിസ്തീർണ്ണത്തിലായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതായത് 232.30ച.മീ വിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം നടത്തിയതായി കണ്ടെത്തി.

നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മേൽ നിർമിതികൾക്ക് നാളിതുവരെയും ക്രമവൽകരണം നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ കെട്ടിടങ്ങൾ എന്നു മുതലാണ് പ്രവർത്തനക്ഷമമായത് എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 22/30.09.2022ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡിൽ നിന്നുള്ള അതിര് വ്യക്തമല്ലാത്ത സംഗതികളിൽ വില്ലേജ് ഓഫീസിൽ നിന്നും സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമാക്കി അതിർത്തി ഉറപ്പ് വരുത്തിയ ശേഷമാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് കളയുകയോ, അപാകത പരിഹരിച്ച് നമ്പർ നൽകി വസ്തു നികുതി ചുമത്തുകയും ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 സുഖായുസ് പാലിയേറ്റീവ് പരിചരണവും വൃദ്ധജന ക്ഷേമപ്രവർത്തനങ്ങളും- ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-ആയുർവ്വേദം

പദ്ധതി നം. : 85/21-22 സുഖായുസ് പാലിയേറ്റീവ് പരിചരണവും വൃദ്ധജന ക്ഷേമപ്രവർത്തനങ്ങളും

അടങ്കൽ: : 500000/-(₹500000 വികസന ഫണ്ട്-ജനറൽ)

ചെലവ് വിവരം : 500000/-

പദ്ധതി പ്രകാരമുള്ള ₹500000/-രൂപ ചുവടെ ചേർക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ളതാണ്.

| ക്രമ നം | തുക | ഉദ്ദേശം |
|---|---|---|
| 1 | 2,00,000/- | പാലിയേറ്റീവ് |
| 2 | 2,00,000+35457 | വൃദ്ധജന ക്ഷേമം |
| 3 | 30000/- | ബാലിക |
| 4 | 34543/- | മറ്റ് ചെലവുകൾ |
| ആകെ | 500000/- | |

ചെലവ് രേഖകൾ പരിശോധിച്ചതിൽ, പട്ടികയിലെ ക്രമ നം. 4 പ്രകാരമുള്ള 34543/-രൂപ പദ്ധതിയുടെ ഭാഗമായുള്ള പരിപാടികൾക്കായി ചായ, സ്നാക്സ്, സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും നോട്ടീസ് പ്രിന്റ് ചെയ്യുന്നതിനുമായി മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകി ചെലവഴിച്ചതാണ്. (BRN No. 2115065203520167823/21.02.2022, Rs. 70000/- ) . മെഡിക്കൽ ഓഫീസർ നേരിട്ട് ചെലവഴിച്ച ഈ 34543/- രൂപയിൽ 16700/- രൂപ വിവധ നോട്ടീസുകളും മറ്റും പ്രിന്റ് ചെയ്തതിന് 22.02.2022ലെ ഇൻവോയ്സ് നം 401, 402, 403, 404 എന്നിവ പ്രകാരം പ്രിന്റ് ഹൗസ് പറമ്പിൽ പീടിക എന്ന സ്ഥാപനത്തിന് നൽകിയതാണ്. എന്നാൽ ഇതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010 /ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഉത്തരവ് പ്രകാരം ആവശ്യം വിലയിരുത്തിയ ശേഷം ഓരോ ഇനത്തിനും കൃത്യവും അനുയോജ്യവുമായ സ്പെസിഫിക്കേഷൻ രൂപീകരിച്ച്, ഇനം, അളവ്, പാക്കിംഗ് മുതലായവ വ്യക്തമായി സൂചിപ്പിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചാണ് വാങ്ങൽ നടത്തേണ്ടത്.

എന്നാൽ പദ്ധതി പ്രകാരം നോട്ടീസ് പ്രിന്റ് ചെയ്തതിന് 16700/- രൂപ, ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ , ഒരു സ്ഥാപനത്തിന് ഒരേ ദിവസം തന്നെ വ്യത്യസ്ത ഇൻവോയ്സുകളിലായി തുക വിഭജിച്ച് അനുവദിച്ചിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 01/22.09.2022 ന് ലഭ്യമാക്കിയ മറുപടിയിൽ കുറഞ്ഞ നിരക്കും നല്ല സേവനവും പരിഗണിച്ചാണ് മേൽ സ്ഥാപനത്തിൽ നിന്ന് വാങ്ങിയതെന്നാണ് അറിയിച്ചത്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 വനിതകൾക്ക് പശു വളർത്തൽ പദ്ധതി-അധിക തുക നൽകി

നിർവ്വഹണം : വെറ്റിനറി സർജൻ

പദ്ധതി : SO 168/21-22 വനിതകൾക്ക് പശു വളർത്തൽ പദ്ധതി

അടങ്കൽ : 770000/-(₹217200 വികസന ഫണ്ട്-ജനറൽ +2800 തനത് ഫണ്ട്+550000 ഗുണഭോക്തൃവിഹിതം)

ചെലവ് വിവരം : 220000/-(₹217200 വികസന ഫണ്ട്-ജനറൽ+2800 തനത് ഫണ്ട്)

| ക്രമ നം | തുക | ബിൽ നം/ചെക്ക് നം, തിയതി |
|---|---|---|
| 1 | 82500/- | 03/21-22/20.10.2021 |
| 2 | 82500/- | 13/21-22/04.02.2022 |
| 3 | 52200/- | 20/21-22/11.03.2022 |
| 4 | 2800/- | XY2047212/19.03.2022 |
| ആകെ | 220000/- | |

ചെലവ് രേഖകൾ പരിശോധിച്ചതിൽ, പദ്ധതി പ്രകാരം ആകെ 8 ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്. ഗുണഭോക്താവ് പശുവിനെ വാങ്ങിയ ശേഷം ടി വിവരവും പശുവിന്റെ വിലയും സൂചിപ്പിച്ച് കൊണ്ടുള്ള വെറ്റിനറി സർജന്റെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും 55000/- രൂപ വീതം പെരുവള്ളൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ അനുവദിക്കുകയും സബ്സിഡി തുക 27500/- രൂപ വീതം ഗ്രാമപഞ്ചായത്ത് ബാങ്കിൽ അടവാക്കുകയും ബാക്കി തുക ഗുണഭോക്താക്കൾ അടവാക്കുകയുമാണ് ചെയ്യുന്നത്. ലോൺ അക്കൗണ്ട് അടവ്/തിരിച്ചടവ് സ്റ്റേറ്റ്മെന്റ്/വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ശ്രീമതി. വിലാസിനി പടിഞ്ഞാറ്റി പറമ്പിൽ എന്നവർ പശുവിനെ വാങ്ങിയത് സംബന്ധിച്ച രേഖകൾ പ്രകാരം ടിയാൾക്ക് പശുവിനെ നൽകിയ, ശ്രീ. മാധവൻ പി.സി പാക്കരത്ത് എന്നവരുടെ 14.08.2021ലെ സാക്ഷ്യപത്രം, പശുവിനെ കൈപ്പറ്റിയ ശ്രീമതി. വിലാസിനി എന്നവരുടെ 14.08.21ലെ പർച്ചേസ് കമ്മിറ്റി അംഗീകരിച്ച വിലച്ചീട്ട് സാക്ഷ്യപത്രം എന്നിവ പ്രകാരം പശുവിന്റെ വില 48000/-രൂപയാണ്. എന്നാൽ ഗുണഭോക്താവ് പശുവിനെ വാങ്ങിയ ശേഷം ടി വിവരവും പശുവിന്റെ വിലയും സൂചിപ്പിച്ച് കൊണ്ട് വെറ്റിനറി സർജൻ ബാങ്ക് സെക്രട്ടറിക്ക് നൽകിയ കത്തിൽ ഗുണഭോക്താവ് 55000/- രൂപ വിലയുള്ള പശുവിനെ വാങ്ങിയതായും പശുവിനെ നൽകിയ വ്യക്തിക്ക് ടി തുക അനുവദിക്കുന്നതിനും നിർദ്ദേശിച്ചത് പ്രകാരം 48000/- രൂപയുടെ പശുവിന് 55000/-രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. പട്ടികയിലെ ക്രമനം.1 ബില്ല് പ്രകാരമുള്ള തുകയിൽ നിന്നുമാണ് ടിയാരിക്ക്(ശ്രീമതി.വിലാസിനി) 27500/- രൂപ സബ്സിഡി അനുവദിച്ചത്. യഥാർത്ഥത്തിൽ 48000/2=24000 രൂപയായിരുന്നു സബ്സിഡി അനുവദിക്കേണ്ടിയിരുന്നത്, 3500/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. പശുവിനെ നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുമില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17/29.09.2022ന് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം അനുവദിച്ച സബ്സിഡി തുക 3500/- രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-18 വിവിധ നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 14/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ കുന്നുംപുറം | അടങ്കൽ : 9,99,932<br>വൗച്ചർ നമ്പർ : 22101058/28.01.2022<br>തുക : 9,99,932 രൂപ<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |
| 131/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ തലപ്പാറ | അടങ്കൽ : 4,00,000<br>വൗച്ചർ നമ്പർ : 22100342/29.09.2021<br>തുക : 1,93,554 രൂപ<br>ഫണ്ട് : തനത് ഫണ്ട് |
| 13/22 പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗ്<br>അടങ്കൽ : 2,00,000 | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, ചേളാരി (മേഗോളിമാട്, ചാത്രത്തൊടി ഏരിയയിൽ പോസ്റ്റ് ഷിഫ്റ്റിംഗ്) | വൗച്ചർ നമ്പർ : 22100758/04.03.2022<br>തുക : 49,497 രൂപ<br>ഫണ്ട് : തനത് ഫണ്ട് |
| | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, തലപ്പാറ (പറച്ചിനപ്പുറായ ഏരിയയിൽ പോസ്റ്റ് ഷിഫ്റ്റിംഗ്) | വൗച്ചർ നമ്പർ : 22100814/11.03.2022<br>തുക : 27,026 രൂപ<br>ഫണ്ട് : തനത് ഫണ്ട് |

| | | |
|---|---|---|
| | GWD മലപ്പുറം (വിവിധ അംഗനവാടികളിൽ ഭൂജല സർവേ നടത്തുന്നതിനുള്ള തുക) | വൗച്ചർ നമ്പർ : 22100572/24.12.2021<br>തുക : 14,245 രൂപ<br>ഫണ്ട് : തനത് ഫണ്ട് |
| 232/22 പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ - കെ.ഡബ്ല്യു.എ ക്ക് തുക കൈമാറൽ | കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, മലപ്പുറം (കുമൻതൊടി പാലം - പൈപ്പ് ലൈൻ മാറ്റൽ) | അടങ്കൽ : 4,10,000<br>വൗച്ചർ നമ്പർ : 22101091/25.01.2022<br>തുക : 3,00,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് സി.എഫ്.സി |
| 239/22 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണം - തുക കൈമാറൽ | ഡി.ഡി.പി മലപ്പുറം | അടങ്കൽ : 2,65,000<br>വൗച്ചർ നമ്പർ : 22101085/18.02.2022<br>തുക : 2,65,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |
| ആകെ ചെലവ് തുക | | 18,49,254 |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/28.09.2022) നൽകിയ മറുപടിയിൽ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാവുന്ന മുറക്ക് സമർപ്പിക്കുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.

രേഖകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 18,49,254 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 ലൈഫ് ഭവന നിർമ്മാണം - ഗുണഭോക്താവിന് അധിക തുക അനുവദിച്ചു

നിർവഹണം : വി.ഇ.ഒ

പ്രൊജക്ട് നമ്പർ / പേര് : 9/22 ലൈഫ് ഭവന നിർമ്മാണം - എസ്.സി

അടങ്കൽ : 3,32,00,000

വൗച്ചർ നമ്പർ / തിയ്യതി : 22100225/27.07.2021

ചെലവ് തുക : 1,60,47,374 രൂപ

വി.ഇ.ഒ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ലൈഫ് ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചപ്പോൾ ശ്രീമതി. ജിഷ്ണ സി, വട്ടപ്പറമ്പിൽ, W/o റിജേഷ്, പരിയംതൊടി, പറമ്പിൽപീടിക (വാർഡ് - 1) എന്ന ഗുണഭോക്താവിന് അധികം തുക അനുവദിച്ചതായി കാണുന്നു. (അക്കൗണ്ട് നമ്പർ 1697101057574) വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ / തിയ്യതി | അനുവദിച്ച തുക ഗഡുക്കൾ | പ്രൊജക്ട് നമ്പർ (വർഷം) |
|---|---|---|
| 22/20-21 തി: 17.02.2021 | 40,000 | പ്രൊജക്ട് നമ്പർ 183/2020-21 |
| 02/21-22 തി: 25.06.2021 | 40,000 | പ്രൊജക്ട് നമ്പർ 9/2021-22 |
| 12/21-22 തി: 08.10.2021 | 80,000 | |
| 15/21-22 തി: 30.10.2021 | 40,000 | |
| 22/21-22 തി: 03.12.2021 | 60,000 | |
| 55/21-22 തി: 31.03.2022 | 40,000 | |
| 398670/14.03.2022 (ചെക്ക് നമ്പർ) | 40,000 | |
| 398686/19.08.2022(ചെക്ക് നമ്പർ) | 80,000 | പ്രൊജക്ട് നമ്പർ 74/2022-23 |

| | | |
|---|---|---|
| ആകെ | 420000 | |

ഭവന നിർമ്മാണത്തിന് ലൈഫ് ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി തുക 4,00,000 രൂപയാണ്. അധിക തുക അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 20/29.09.2022) മറുപടി ലഭ്യമാക്കിയില്ല.

അധികമായി അനുവദിച്ച 20,000 രൂപ ഈടാക്കി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 20,000രൂപ അധിക തുക അനുവദിച്ച് നൽകിയ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ യിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-20 മുൻകൂർ തുക നൽകി - പ്രിന്റർ ലഭ്യമായില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ / പേര് : 78/22 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ

അടങ്കൽ : 7,50,000

വൗച്ചർ നമ്പർ / തിയ്യതി : 22100693/04.02.2022

തുക : 51,812 രൂപ

ഫണ്ട് : തനത് ഫണ്ട്

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനായി തുക കെൽട്രോണിന് മുൻകൂർ നൽകിയെങ്കിലും, പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് നമ്പർ / തിയ്യതി | ഇനം | എണ്ണം | തുക |
|---|---|---|---|
| TVM/ITBG/PI/RC/33865/20-21 Dtd: 20.01.2022 | A4 Network Printer | 4 | 51,812 |

പ്രിന്റർ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 13/28.09.2022) നൽകിയ മറുപടിയിൽ സ്റ്റോക്ക് ഇല്ലാത്തത് കാരണമാണ് പ്രിന്റർ ലഭ്യമാക്കാൻ കഴിയാത്തത് എന്ന് കെൽട്രോൺ അറിയിച്ചതായി പരാമർശിച്ചിട്ടുണ്ട്.

പ്രിന്റർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 51,812 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 2021-22 വർഷത്തെ തനത് ഫണ്ട് ചെലവുകളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന വൗച്ചർ നമ്പർ പ്രകാരമുള്ള ചെലവുകളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | തുക | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|
| 22100018/17.04.2021 | 19,726 | അമ്പായ വളവ് - തോഴങ്ങാട്ട് റോഡിലെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ കുന്നംപുറം) | പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| 22100624/11.01.2022 | 7,985 | കാക്കത്തടം കുന്നത്ത് പറമ്പ് റോഡ് ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ചേളാരി) | പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| 22100654/20.01.2022 | 32,947 | മൂന്നാം വാർഡിലെ 6 പോസ്റ്റ് ഷിഫ്റ്റിംഗ് (കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ചേളാരി) | പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| ആകെ | 60658 | | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14/28.09.2022) നൽകിയ മറുപടിയിൽ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാവുന്ന മുറക്ക് സമർപ്പിക്കുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.

രേഖകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 60,658 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 36/22, പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 1477500/- |

| | |
|---|---|
| ചെലവ്/ ബിൽ നമ്പർ | 453840 (പൊതുവിഭാഗം സാധാരണ വിഹിതം)<br>389998 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>529973 (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>ആകെ - 1373811 രൂപ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ സി എച്ച് സി |

മേൽ പ്രൊജക്റ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായി ബിൽ നമ്പർ 8/21-22 തിയതി 23.02.2022 പ്രകാരം 513442/- രൂപ കേരളാ മെഡിക്കൽ കോർപ്പറേഷനിലേക്ക് മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല. മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 15/29.09.22 മറുപടി ലഭ്യമായിട്ടില്ല.)

## 1-23 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ- ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ പി എച്ച് സി

പ്രൊജക്റ്റ് നമ്പർ : 40/22 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ
അടങ്കൽ : 43500/-

ചെലവ് :43500/-വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം)

മേൽ ചെലവ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | ബിൽ നമ്പർ | ചെലവിന്റെ വിവരം |
|---|---|---|---|
| 1 | 25200 | 2/21-22 തി.20.07.21 | 14200/--ആരോഗ്യ ജാഗ്രതാ നോട്ടീസ്, ഹോം ഐസൊലേഷൻ നോട്ടീസ് എന്നിവ പ്രിന്റ് ചെയ്യുന്നതിന്<br>11000/- ക്ലോത്ത് ബാനർ, ആന്റിജൻ ബുക്ക്, ഡെങ്കി ഫീവർ നോട്ടീസ് പ്രിന്റ് ചെയ്യുന്നതിന് |
| 2 | 18300 | 7/21-22 തി 23.02.21 | 5000/-- ആന്റിജൻ ഫോം പ്രിന്റ് ചെയ്യുന്നതിന്<br>11900/- ബാനർ & നോട്ടീസ് പ്രിന്റ് ചെയ്യുന്നതിന്<br>900/-നോട്ടീസ് പ്രിന്റ് ചെയ്യുന്നതിന്<br>500/-നോട്ടീസ് പ്രിന്റ് ചെയ്യുന്നതിന് |

രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നോട്ടീസുകൾ, ബാനർ എന്നിവ പ്രിന്റ് ചെയ്യുന്നതിനാണ് മേൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ഇതിനായി പ്രിന്റ് ഹൗസ് പറമ്പിൽ പീടിക എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. 376/15.5.21-14200 രൂപ, 157/30.06.21-11000 രൂപ, 339/4.8.21-5000 രൂപ, 389/18.9.21-11900രൂപ, 200/15.11.21-900 രൂപ, 123/10.01.21-500 രൂപ എന്നിവ പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010 /ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഉത്തരവ് പ്രകാരം ആവശ്യം വിലയിരുത്തിയ ശേഷം ഓരോ ഇനത്തിനും കൃത്യവും അനുയോജ്യവുമായ സ്പെസിഫിക്കേഷൻ രൂപീകരിച്ച്, ഇനം, അളവ്, പാക്കിംഗ് മുതലായവ വ്യക്തമായി സൂചിപ്പിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ മേൽ നടപടികൾ സ്വീകരിക്കാതെയാണ് പ്രൊജക്റ്റ് നടപ്പിലാക്കിയത്.

അപാകതക്ക് വിശദീകണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/29.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊട്ടിച്ചെടുത്ത പാറ ലേലം ചെയ്ത് വില്പന നടത്തുകയോ പുനരുപയോഗിക്കുകയോ ചെയ്തിട്ടില്ല.

പ്രൊജക്റ്റ് നം : 195/22 കുഴക്കിൽ റോഡ് ഡ്രൈനേജ്

അടങ്കൽ : 900000 CFC

ചെലവ് : 2,36,198 (ഒന്നാം പാർട്ട് ബിൽ)

(വൗച്ചർ നം.22100942/31.3.2022 236198

TS No : 61953/2021-22, DsoR 2018 COI 36.44.%

കരാർ നം : AE/LSGD/PVLR/26/21-22 /18.02.2022

ഷാജഹാൻ

എം.ബുക്ക് നം: 69/21-22

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

13.6.2022 ന് പൂർത്തിയായ ഈ പ്രൊജക്റ്റിന്റെ എം ബുക്ക് പേജ് 19 പ്രകാരം, പ്രൊജക്റ്റിന്റെ എക്സ്ട്രാ ഇനം 1 ആയി 1x10x(6+8/2)x1.00=70എം3 ഉറപ്പുള്ള പാറ പൊട്ടിച്ച് അട്ടിവെച്ചത് 6.4.2022 ന് അളവെടുത്തിട്ടുണ്ട്. ഈ പാറ ലേലം ചെയ്ത് വില്പന നടത്തിയിട്ടില്ലെന്നും, ഇപ്പോഴും പ്രവൃത്തി സ്ഥലത്ത് അട്ടിവച്ചിരിക്കുകയാണെന്നും ഇത് സംബന്ധിച്ച അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ മറുപടി ലഭ്യമാക്കുകയുണ്ടായി. പാറ ലേലം ചെയ്ത് വില്പന നടത്തുകയോ പുനരുപയോഗിക്കുകയോ ചെയ്യുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്.

മേൽ അപാകത ഓഡിറ്റ് എൻക്വയറി 7/28.9.2022 മുഖേന ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിന് 29.9.2022 ന് ലഭ്യമാക്കിയ മറുപടിയിൽ പൊട്ടിച്ചെടുത്ത പാറ ഗ്രാമ പഞ്ചായത്ത് പ്രവൃത്തികൾക്ക് നേരിട്ട് ഉപയോഗിക്കാവുന്ന അവസ്ഥയിലല്ലെന്നും, ആയതിനാൽ ആയത് ലേലം ചെയ്ത് വില്പന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി തന്നിട്ടുണ്ട്. ഇതിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചത് കാരണം നഷ്ടമുണ്ടായി.

പ്രൊജക്റ്റ് നം : 225/22 മാർക്കറ്റുകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ.

അടങ്കൽ : 607880 ടോട്ടൽ സാനിറ്റേഷൻ (കേന്ദ്ര ഫണ്ട്)

ചെലവ് : 480655 ചെക്ക് നം.071929/31.3.2022

TS No : 71457/2021-22, DsoR 2018 COI 36.44%

കരാർ നം : AE/LSGD/PVLR/34/21-22 /11.2.2022

(Tendered PAC 500107.75, Item Rate.450091.32ആകെ 10% കുറവ്,)

കരാറുകാരൻ : ബീരാൻ കുട്ടി.കെ

എംബുക്ക് നം: 96/21-22

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഇനം 3 ആയി DAR 12.50 കോഡ് പ്രകാരം 0.50mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് 17 ബോട്ടിൽ ബൂത്തുകളുടെ മേൽക്കൂര നിർമ്മിക്കുന്നതിന്, ആകെ 68.85/@743.33എം$^2$, പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. എംബുക്ക് പേജ് 8 പ്രകാരം ഈ പ്രവൃത്തി 68.85എം$^2$, നിർവ്വഹിച്ചിട്ടുണ്ട്. ഇതിന് 68.85x668.99=46059.96 രൂപ (668.99 ക്വാട്ടഡ് റേറ്റ്) അനുവദിച്ചിട്ടുണ്ട്. എന്നാൽ 29.9.2022 ഗ്രാമ പഞ്ചായത്തിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി ഭൗതികമായി പരിശോധിച്ചതിൽ 0.35mm കനമുള്ള പ്രൊഫേൽ ഷീറ്റാണ് ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. 0.35mm കനമുള്ള പ്രൊഫേൽ ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക്, ഡാറ്റാ കോഡ് 51.20 പ്രകാരം 568.03/എം$^2$ മാത്രമാണ്. ഇതു പ്രകാരം ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 68.85x568.03x90/100=35197.98 രൂപയാണ്. ആയതിനാൽ ഈ പ്രവൃത്തിയിൽ 46059.96-35197.98 = 10861.98 രൂപ അധികം ചെലവഴിക്കാൻ ഇടയായിട്ടുണ്ട്. ആയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക 10862 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയത് മേൽ പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## 1-26 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2021-22 വർഷത്തിൽ പഞ്ചായത്തിൽ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

ഇ-ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ-ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

ഇത് സംബന്ധിച്ച അന്വേഷണത്തിന് നാളിതുവരെയുള്ള തുക കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് തിരികെ ലഭിക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും, ഇ-ടെണ്ടറിനായി അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെന്നും എന്നാൽ ബാങ്കിന്റെ നിസ്സഹകരണം മൂലമാണ് നടപടി പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ അറിയിച്ചു. ഈ വിഷയത്തിലെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതു ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീ. ഫിറോസ് കെ , എന്നവർക്ക് സൂപ്പർമാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നമ്പർ , തരം | കെട്ടിട ഉടമ |
|---|---|---|---|---|---|
| 2 | A4-3794/2021/21-22-179 Dtd.05.08.2021 | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | FMS Mart പറമ്പിൽ പീടിക | 3/192 A,B,C,D വാണിജ്യ കെട്ടിടം | ശ്രീ. അബ്ദുൾ സലീം ആത്രപ്പിൽ മുതൽപേർ |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

3/192 A,B,C,D എന്നീ കെട്ടിട നമ്പറുകളിലായി ആകെ 272.69 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന്, 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ-വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 30 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് ക്രമ നം 2 ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 70 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു ലൈസൻസ് അനുവദിക്കേണ്ടിയിരിക്കുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 272.69x(70-30)=10908+20% വഴി വർദ്ധന=13090/- രൂപ നികുതി കുറവും സംഭവിക്കുന്നുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ വേണ്ടത്ര പരിശോധന നടത്താത്തതാണ് ഇത്തരം അപാകതക്ക് കാരണം. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/26.09.2022 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന നിർമ്മാണം - ഗുണഭോക്താവിന് അധിക തുക അനുവദിച്ചു

നിർവഹണം : വി.ഇ.ഒ

പ്രൊജക്ട് നമ്പർ / പേര് : 9/22 ലൈഫ് ഭവന നിർമ്മാണം - എസ്.സി

അടങ്കൽ : 3,32,00,000

വൗച്ചർ നമ്പർ / തിയ്യതി : 22100225/27.07.2021

ചെലവ് തുക : 1,60,47,374 രൂപ

വി.ഇ.ഒ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ലൈഫ് ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചപ്പോൾ ശ്രീമതി. ജിഷ്ണ സി, വട്ടപ്പറമ്പിൽ, W/o റിജേഷ്, പരിയംതൊടി, പറമ്പിൽപീടിക (വാർഡ് - 1) എന്ന ഗുണഭോക്താവിന് അധികം തുക അനുവദിച്ചതായി കാണുന്നു. (അക്കൗണ്ട് നമ്പർ 1697101057574) വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ / തിയ്യതി | അനുവദിച്ച തുക ഗഡുക്കൾ | പ്രൊജക്ട് നമ്പർ (വർഷം) |
|---|---|---|
| 22/20-21 തി: 17.02.2021 | 40,000 | പ്രൊജക്ട് നമ്പർ 183/2020-21 |
| 02/21-22 തി: 25.06.2021 | 40,000 | പ്രൊജക്ട് നമ്പർ 9/2021-22 |
| 12/21-22 തി: 08.10.2021 | 80,000 | |
| 15/21-22 തി: 30.10.2021 | 40,000 | |
| 22/21-22 തി: 03.12.2021 | 60,000 | |

| | | |
|---|---|---|
| 55/21-22 തി: 31.03.2022 | 40,000 | |
| 398670/14.03.2022 (ചെക്ക് നമ്പർ) | 40,000 | |
| 398686/19.08.2022(ചെക്ക് നമ്പർ) | 80,000 | പ്രൊജക്റ്റ് നമ്പർ 74/2022-23 |
| ആകെ | 420000 | |

ഭവന നിർമ്മാണത്തിന് ലൈഫ് ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി തുക 4,00,000 രൂപയാണ്. അധിക തുക അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 20/29.09.2022) മറുപടി ലഭ്യമാക്കിയില്ല.

അധികമായി അനുവദിച്ച 20,000 രൂപ ഈടാക്കി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 20,000രൂപ അധിക തുക അനുവദിച്ച് നൽകിയ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ യിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3- 2 കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചത് കാരണം 11123 രൂപ നഷ്ടമുണ്ടായി.

പ്രൊജക്റ്റ് നം : 225/22 മാർക്കറ്റുകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ.

അടങ്കൽ : 607880 ടോട്ടൽ സാനിറ്റേഷൻ (കേന്ദ്ര ഫണ്ട്)

ചെലവ് : 480655 ചെക്ക് നം.071929/31.3.2022

TS No : 71457/2021-22, DsoR 2018 COI 36.44%

കരാർ നം : AE/LSGD/PVLR/34/21-22 /11..2.2022

(Tendered PAC 500107.75, Item Rate.450091.32ആകെ 10% കുറവ്,)

കരാറുകാരൻ : ബീരാൻ കുട്ടി.കെ

എംബുക്ക് നം: 96/21-22

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഇനം 3 ആയി DAR 12.50 കോഡ് പ്രകാരം 0.50mm കനമുള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് 17 ബോട്ടിൽ ബൂത്തുകളുടെ മേൽക്കൂര നിർമ്മിക്കുന്നതിന്, ആകെ 68.85/@743.33എം$^2$, പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. എംബുക്ക് പേജ് 8 പ്രകാരം ഈ പ്രവൃത്തി 68.85എം$^2$, നിർവ്വഹിച്ചിട്ടുണ്ട്. ഇതിന് 68.85x668.99=46059.96 രൂപ (668.99 ക്വാട്ടഡ് റേറ്റ്) അനുവദിച്ചിട്ടുണ്ട്. എന്നാൽ 29.9.2022 ഗ്രാമ പഞ്ചായത്തിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി ഭൗതികമായി പരിശോധിച്ചതിൽ 0.35mm കനമുള്ള പ്രൊഫേൽ ഷീറ്റാണ് ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. 0.35mm കനമുള്ള പ്രൊഫേൽ ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക്, ഡാറ്റാ കോഡ് 51.20 പ്രകാരം 568.03/എം$^2$ മാത്രമാണ്. ഇതു പ്രകാരം ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്ന തുക 68.85x568.03x90/100=35197.98 രൂപയാണ്. ആയതിനാൽ ഈ പ്രവൃത്തിയിൽ 46059.96 – 35,197.98 = 10861.98 രൂപ അധികം ചെലവഴിക്കാൻ ഇടയായിട്ടുണ്ട്. ആയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക 10862 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയത് മേൽ പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 06/22- ലൈഫ് ഭൂമി വാങ്ങൽ(ജനറൽ) | 200000 | 0 |
| | 2574000 | 09/22 -ലൈഫ് ഭവന നിർമ്മാണം എസ് സി | 2574000 | 0 |
| | 433500 | 17/22- നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 433500 | |

| | | | | |
|---|---|---|---|---|
| | 389998 | 36/22- പാലിയേറ്റീവ് പരിചരണം | 389998 | |
| | 397440 | 42/22- വൃദ്ധർക്ക് കട്ടിൽ- ജനറൽ | 397440 | |
| | 63282 | 210/22 സുഭിക്ഷ കേരളം ബയോഫ്ലോക്ക് പ്രൊജക്റ്റ് | 63282 | |
| ജില്ലാ പഞ്ചായത്ത് | 500000 | 04/22-മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | 225000 | 07/22- ലൈഫ് ഭൂമി വാങ്ങൽ(എസ് സി) | 225000 | 0 |
| | 640000 | 88/22 ലൈഫ് ഭവന നിർമ്മാണം ജനറൽ | 640000 | 0 |
| | 3150000 | 09/22 -ലൈഫ് ഭവന നിർമ്മാണം എസ് സി | 3150000 | 0 |
| | 49967 | 84/22 -ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 49967 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 14/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22101058/28.01.22 | 999932 | 0 | പൂർത്തീകരിച്ചിട്ടില്ല | 999932 |
| K.S.E.B | 131/22സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22100342/29.09.21 | 193554 | 0 | പൂർത്തീകരിച്ചിട്ടില്ല | 193554 |
| K.S.E.B | 13/22പോസ്റ്റ് ഷിഫ്റ്റിംഗ് | 22100758/ 04.03.22 | 49497 | 0 | പൂർത്തീകരിച്ചിട്ടില്ല | 49497 |
| K.S.E.B | 13/22പോസ്റ്റ് ഷിഫ്റ്റിംഗ് | 22100814/ 11.03.22 | 27026 | 0 | പൂർത്തീകരിച്ചിട്ടില്ല | 27026 |
| GWD | 13/22 അംഗനവാടികളിൽ ഭൂജല സർവ്വേ നടത്തുന്നതിനുള്ള തുക | 22100572/ 24.12.21 | 14245 | 0 | പൂർത്തീകരിച്ചിട്ടില്ല | 14245 |
| KWA | 232/22 പൈപ്പ് ലൈൻ മാറ്റൽ | 22101091/25.01.22 | 300000 | 0 | പൂർത്തീകരിച്ചിട്ടില്ല | 300000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി (KURDFC) | 68/2018 Dt 18.05.18 | 0 | 1387516 | 1056000 | 0 | 331516 |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 604/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-2 | 420 | തുളസീ ഭായി സെക്രട്ടറി | 121040103323/10.12.21 |
| 2007-08 | 2-1 | 184 | സെക്രട്ടറി | 121040104121/01.01.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സാമഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2015-16 | 2(1),2(3),(4) | 2016-17 | 2(1),2(3),2(4) | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 125431747 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99191397 |
| വരവിനങ്ങളിലുള്ള നഷ്ടം | 13090 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30862 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1961724 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടതുക | | ഉത്തരവാദിയായ ആളുടെ പേരും മേൽവിലാസവും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്ന | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 13090 | | ശ്രീമതി. ഷൈലജ. എം., സെക്രട്ടറി |
| 3.1 | | 20000 | ശ്രീ. സുഗതൻ. എ.വി. വി ഇ ഒ |
| 3.2 | | 5431 | ശ്രീ. സുരേഷ് ബാബു. ടി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 5431 | ശ്രീ. കൃഷ്ണൻ കുട്ടി. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 13090 | 30862 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1849254 | ശ്രീമതി ശൈലജ , സെക്രട്ടറി |

| | | |
|---|---|---|
| 1-20 | 51812 | ശ്രീമതി ശൈലജ , സെക്രട്ടറി |
| 1-21 | 60658 | ശ്രീമതി ശൈലജ , സെക്രട്ടറി |
| ആകെ | 1961724 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുഗതൻ.എ.വി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | അട്ടവയലിൽ, മുചുകുന്ന് (പി.ഒ.) കൊയിലാണ്ടി, കോഴിക്കോട്-673307 |
| ശ്രീ സുരേഷ് ബാബു ടി. കെ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ഉമ്പയിൽ കായക്കാട്ട് വീട്, പുല്ലിപ്പറമ്പ് പി.ഒ, ചെലേമ്പ്ര –673634 |
| ശ്രീ. കൃഷ്ണൻകുട്ടി. പി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | പുത്തുപറമ്പിൽ. വീട്, വള്ളുവമ്പ്രം. പി.ഒ. മലപ്പുറം- 673642 |
| ശ്രീമതി. ഷൈലജ. എം., സെക്രട്ടറി | സെക്രട്ടറി, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്. | ശ്രീ ശൈലം, പെരുമുഖം. പി.ഒ ഫറോക്ക്, കോഴിക്കോട്- 673 631 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 02-03-ചെലവ് | കെ.എസ്.എ.എം.പി.എം.15/2146/2022(1)/30-9-2022 | 1 |
| 04-05 | കെ.എസ്.എ.എം.പി.എം.15/2146/2022(3)/30-9-2022 | 1 |
| 05-06 | കെ.എസ്.എ.എം.പി.എം.15/2146/2022(4)/30-9-2022 | 4 |
| 06-07 | കെ.എസ്.എ.എം.പി.എം.15/2146/2022(5)30-9-2022 | 1 |
| 07-08 | കെ.എസ്.എ.എം.പി.എം.15/2146/2022(6)തീയതി,30-9-2022 | 6 |
| 09-10 | എൽ.എഫ്.എം 15/2146/2022(8)തീയതി, 30-9-12 | 1 |
| 13-14,14-15 | കെ.എസ്.എ.എം.പി.എം 15/2146/22(10) തീയതി, 30-9-22 | 2 |
| 2015-16 | കെ എസ് എ.എം.പി.എം.15/3004/2016 തീയതി,06-12-2022 | 2 |
| 2016-17 | കെ എസ് എ.എം.പി.എം.15/1286/2017 തീയതി, 06-12-2022 | 4 |
| 2017-18 | കെ എസ് എ.എം.പി.എം.15/259/2019 തീയതി, 11.10.2019 | 13 |
| 2018-19 | കെ.എസ്.എ എം.പി.എം15/204/2020 തീയതി, 03.08.22 | 7 |
| 2019-20 | കെ.എസ്.എ എം.പി.എം15/1453/2021 തീയതി, 09.05.22 | 6 |
| 2020-21 | കെ.എസ്.എ എം.പി.എം15/1454/2021 തീയതി, 11.05.22 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്